"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി - ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.03.2025-ൽ ചേർന്ന പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/I&PRD തിരുവനന്തപുരം, തീയതി,14-05-2025

---

പരാമർശം:-

1. സ.ഉ (പി ) നം. 02/2000/പിആർ തീയതി 04.02.2000.
2. 03.12.2021-ലെ സ.ഉ.(സാധാ) നം. 192/2021/ഐ&പി.ആർ നമ്പർ ഉത്തരവ്.
3. 18.03.2025-ലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.03.2025-ൽ ഓൺ ലൈൻ ആയി ചേരുകയുണ്ടായി. യോഗത്തിന്റെ പരിഗണനയിൽ വന്ന വിവിധ വിഷയങ്ങളും അവയിൽ യോഗത്തിന്റെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

**<u>I റിട്ട് പെറ്റീഷനുകളിലെ തീരുമാനം - വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച്</u>**

**<u>1) WP(C) No. 19611/2019 — ശ്രീ വർക്കിയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ</u>**

ശ്രീ വർക്കി ഉൾപ്പെടെയുള്ള 58 ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. രാഷ്ട്രദീപികയിൽ നിന്നും വി.ആർ.എസ് എടുത്തവരുടെ വിഷയം 2018-ലെ പെൻഷൻ മാനേജിംഗ് കമ്മിറ്റി നിരസിച്ചിരുന്നു. ബഹു. ഹൈക്കോടതിയുടെ 01.12.2023-ലെ വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ മാനേജിംഗ് കമ്മിറ്റി ഈ വിഷയം പുന:പരിശോധിച്ചു. ഇവർ ക്ക് പത്രപ്രവർത്തകേതര പെൻഷൻ നിരസിച്ച സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. പദ്ധതി വ്യവസ്ഥ പ്രകാരം പരിഗണിക്കേണ്ട വിഷയത്തിൽ മാനുഷിക പരിഗണന നൽകുന്നതു വഴി പദ്ധതിയുടെ ഉദ്ദേശത്തെ തന്നെ ദുർബലപ്പെടുത്തുകയും, ഈ പദ്ധതിയിൽ അനർഹർ കയറിപ്പറ്റുവാൻ ഇടയാകുകയും ചെയ്യും. നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വമോ പെൻഷനോ അനുവദിക്കാൻ കഴിയാത്തതിനാൽ രാഷ്ട്രദീപിക പത്രത്തിൽ നിന്ന് വിആർ.എസ് എടുത്ത വർക്കി ഉൾപ്പെടെയുള്ളവരുടെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

2) WP(C)NO.20196/2019 - ശ്രീ. നന്ദകുമാറും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ

വീക്ഷണം പത്രസ്ഥാപനത്തിൽ നിന്നും റിട്രെഞ്ച്മെന്റിന്റെ ഭാഗമായി 2003-ൽ പിരിച്ചുവിടപ്പെട്ട 3 8 പേർക്ക് അംഗത്വം അനുവദിക്കുന്ന വിഷയം 15.05.2018-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പത്രപ്രവർത്തേകതര പെൻഷൻ കമ്മിറ്റിയിൽ അജണ്ട നം. 16 ആയി സമർപ്പിക്കുകയും, അർഹതയ്ക്ക് വിധേയമായി ഇവർക്ക് അംഗത്വം അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ പദ്ധതി വ്യവസ്ഥ പ്രകാരം പരിശോധിച്ചപ്പോൾ പത്രസ്ഥാപനത്തിൽ നിലവിലില്ലാത്തവർക്ക് അംഗത്വം അനുവദിക്കാൻ കഴിയില്ല. പെൻഷൻ അനുവദിക്കണമെങ്കിൽ അംഗത്വം ഉണ്ടായിരിക്കണം. പെൻഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല. 2003-ൽ പിരിച്ചുവിടപ്പെട്ടവർ 8 വർഷത്തിനു ശേഷം 2011-ലാണ് അപേക്ഷ സമർപ്പിച്ചത്. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെത്തന്നെ അട്ടിമറിക്കുന്ന തരത്തിലുള്ള തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതിനാൽ അംഗത്വവും പെൻഷനും അനുവദിക്കുന്ന വിഷയം വകുപ്പ് നിരസിച്ചിരുന്നു.

ഇതിനെതിരെ ശ്രീ. നന്ദകുമാറും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ WP(C)NO.20196/2019-മേൽ ബഹു. ഹൈക്കോടതി 01.07.2024-ൽ വിധിന്യായം പുറപ്പെടുവിച്ചു. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ പെൻഷൻ മാനേജിംഗ് കമ്മിറ്റി ഈ വിഷയം പുന:പരിശോധിച്ചു. ഇവർ ക്ക് പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വവും പെൻഷനും നിരസിച്ച സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു പദ്ധതി വ്യവസ്ഥപ്രകാരം പരിഗണിക്കേണ്ട വിഷയത്തിൽ മാനുഷിക പരിഗണന നൽകുന്നതു വഴി പദ്ധതിയുടെ ഉദ്ദേശ്യശുദ്ധി തന്നെ ദുർബലപ്പെടുകയും, ഈ പദ്ധതിയിൽ അനർഹർ കയറിപ്പറ്റുവാൻ ഇടയാകുകയും ചെയ്യും. നിലവിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വമോ പെൻഷനോ അനുവദിക്കാൻ കഴിയാത്തതിനാൽ വീക്ഷണം പത്രസ്ഥാപനത്തിൽ നിന്നും റിട്രെഞ്ച്മെന്റിന്റെ ഭാഗമായി 2003-ൽ പിരിച്ചുവിടപ്പെട്ടവർക്ക് അംഗത്വവും പെൻഷനും അനുവദിക്കുന്ന വിഷയം നിരസിച്ച് ഉത്തരവാകുന്നു.

3) WP(C) 25886/2015 - ശ്രീ ആന്റണി എം.സി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ

16.05.2012-ൽ ചേർന്ന പെൻഷൻ കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ശ്രീ ആന്റണി എം.സി-യ്ക്ക് അംഗത്വം അനുവദിക്കുകയും 16.04.2013, 10.06.2013 തീയതികളിലായി 18,000/- രൂപ അംശദായ ഇനത്തിൽ ഒടുക്കുകയും ചെയ്തു. പെൻഷൻ അനുവദിക്കുന്നതിനായി ശ്രീ ആന്റണി എം.സി ഫയൽ ചെയ്ത WP(C) 25886/2015-മേൽ ബഹു. ഹൈക്കോടതി 09.02.2024-ൽ വിധിന്യായം പുറപ്പെടുവിച്ചു. വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ പെൻഷൻ മാനേജിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചു. അംശദായം ഒടുക്കിയത് വകുപ്പിൽ നിന്നുള്ള അനുമതി പ്രകാരമായതിനാൽ ശ്രീ ആന്റണി എം.സി-യ്ക്ക് പെൻഷൻ അനുവദിക്കാൻ തീരുമാനിച്ച് ഉത്തരവാകുന്നു.

II പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നത് - സംബന്ധിച്ച്

| മാനേജിംഗ് കമ്മിറ്റി പരിശോധിച്ച അപേക്ഷകൾ | മാനേജിംഗ് കമ്മിറ്റിയുടെ |
| --- | --- |

| | | |
|---|---|---|
| | | തീരുമാനം |
| 1 | ശ്രീ എസ് ശോഭനൻ<br>സീനിയർ പ്രസ് സൂപ്പർവൈസർ, ന്യൂ ഇന്ത്യൻ എക്സ്പ്രസ് | ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പത്രപ്രവർത്തകേതര പെൻ ഷൻ പൂർണ്ണ നിരക്കിൽ അനുവദിക്കുന്നു. |
| 2 | അഗസ്റ്റിൻ സി എ<br>ഡെപ്യൂട്ടി ഫോർമാൻ , ന്യൂ ഇന്ത്യൻ എക്സ്പ്രസ് | |
| 3 | ശ്രീ കുര്യാസ് എൻ ചാക്കോ<br>പ്രൊഡക്ഷൻ മാനേജർ, ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് | |
| 4 | ശ്രീ എ ലക്ഷ്മണൻ, സീനിയർ ടെക്നീഷ്യൻ, യുഎൻ.ഐ | |
| 5 | ശ്രീ ആർ ശ്രീരാഘവൻ<br>സീനിയർ എഞ്ചിനീയർ - പ്രിന്റിംഗ്, ദി ഹിന്ദു | |
| 6 | ശ്രീ. ജേക്കബ് ഫിലിപ്പ്, പേപ്പർമാൻ, മലയാള മനോരമ | |
| 7 | ശ്രീ എൻ പി വേണുഗോപാൽ, പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ | ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ 50% പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നു. |
| 8 | ശ്രീ കെ മോഹനൻ, പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ | |
| 9 | ശ്രീ. എസ്.കുമാർ<br>സീനിയർ സർക്കുലേഷൻ ഓഫീസർ, ദി ഹിന്ദു ഡെയ് ലി | |
| 10 | ശ്രീ രമേഷ് ബാബു. സി, അസിസ്റ്റന്റ് മെക്കാനിക്, തേജസ് | |
| 11 | ശ്രീ സേവ്യർ എൻ എം<br>അസിസ്റ്റന്റ് സെയിൽസ് ഓർഗനൈസർ, കേരള ടൈംസ് & മാതൃഭൂമി | |

| | | |
|---|---|---|
| | | |
| 12 | ശ്രീ എം കെ ജലീൽ , ജൂനിയർ ക്ലാർക്ക്, ചന്ദ്രിക | |
| 13 | ശ്രീ കുര്യൻ കെ രാജു, ജനറൽ മാനേജർ, മംഗളം | |
| 14 | ശ്രീ.ഭവദാസ്.എം.കെ, സെക്ഷൻ ഓഫീസർ, മംഗളം | |
| 15 | ശ്രീ എൻ വാസുദേവൻ പോറ്റി<br>ഡി റ്റി പി ഓപ്പറേറ്റർ, മലയാള മനോരമ | അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാൻ തീരുമാനിച്ചു. |
| 16 | ശ്രീ വിശ്വനാഥൻ പി<br>സീനിയർ ക്ലാർക്ക്, മലയാള മനോരമ | |

**<u>അജണ്ട — 3 ആശ്രിത പെൻഷൻ അനുവദിക്കുന്നത്</u>**

പത്രപ്രവർത്തകേതര പെൻഷൻ അംഗമായിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചു.

| മാനേജിംഗ് കമ്മിറ്റി പരിശോധിച്ച അപേക്ഷകൾ | | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീമതി ഹേമ എം W/o. അരവിന്ദാക്ഷൻ റ്റി- മാതൃഭൂമി | അംശദായ ഇനത്തിൽ ബാക്കി ഒടുക്കാനുള്ള തുക ഈടാക്കിക്കൊണ്ട് ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ആശ്രിത പെൻ ഷൻ അനുവദിക്കാൻ തീരുമാനിച്ചു. |
| 2 | ശ്രീമതി കെ.എം. ലളിത - W/o രവി വി- മാതൃഭൂമി | |
| 3 | ശ്രീമതി എൽസമ്മ - W/o ടി.എം. കൊച്ചുമോൻ, മലയാള മനോരമ | |
| 4 | ശ്രീമതി ഹേമ എം.വി - W/o ഉദയ്ദേവ് കാളൂർ - മലയാള മനോരമ | |
| 5 | ശ്രീമതി ഉഷാകുമാരി - W/o കെ ആർ സതീഷ് കുമാർ - ദേശാഭിമാനി | |

| | | |
|---|---|---|
| | കെ ആർ സതീഷ് കുമാർ 22.02.2010-ൽ മരണപ്പെട്ടു. മരണപ്പെട്ടതിനു ശേഷം 17.07.2014-ൽ ടിയാന്റെ പേരിൽ അംശദായം ഒടുക്കുകയായിരുന്നു. ഇത് വകുപ്പിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല. | അംശദായ ഇനത്തിൽ ഒടുക്കിയ തുക തിരികെ നൽകാൻ തീരുമാനിച്ചു. |

IV **<u>സ്വയം വിരമിച്ചവർക്കും ഒറ്റത്തവണ പോലും അംശദായം അടയ്ക്കാത്തവർക്കും അംശദായം ഒടുക്കുന്നതിനുള്ള അനുമതി</u>**

| മാനേജിംഗ് കമ്മിറ്റി പരിശോധിച്ച അപേക്ഷകൾ | | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | ശ്രീ നിജു ജെ കളത്തിൽ - പായ്ക്കർ, മലയാള മനോരമ | അംശദായ ഇനത്തിൽ ഒടുക്കിയിട്ടുള്ള തുക തിരികെ നൽകാവുന്നതാണ്. |
| 2 | ശ്രീ അനിൽ കെ വി -സീനിയർ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, കേരളകൗമുദി | |
| 3 | ശ്രീ ഹരികുമാർ എൻ -സീനിയർ ഡെപ്യൂട്ടി മാനേജർ, ദി ഹിന്ദു ഡെയ് ലി | |
| 4 | ശ്രീമതി ലെയ്മി കെവിൻ - അസിസ്റ്റന്റ് മാനേജർ -അക്കൗണ്ട്സ്, ന്യൂ ഇന്ത്യൻ എക്സ്പ്രസ് | |
| 5 | ശ്രീ കെ പി ചെയ്സൺ - അസിസ്റ്റന്റ് മാനേജർ, ന്യൂ ഇന്ത്യൻ എക്സ്പ്രസ് | |
| 6 | ശ്രീ. പത്മകുമാർ എസ്. - ദി ഹിന്ദു & ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് | |
| 7 | ശ്രീ സുനീഷ് എം.<br>കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവ്, മാതൃഭൂമി ബുക്ക്സ് | അംഗത്വം അനുവദിച്ച നടപടി റദ്ദാക്കുന്നു |
| 8 | ശ്രീ ജോയ് ജോസഫ് - എം.എം. പബ്ലിക്കേഷൻസ് | അംഗത്വവും പെൻഷനും നിരസിച്ച സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. അപേക്ഷ നിരസിക്കുന്നു. |

**<u>V. ആശ്രിത പെൻഷണർ മരണപ്പെട്ടതിനാൽ മരണത്തീയതി വരെയുള്ള തുക അവകാശിക്ക് അനുവദിക്കുന്നത്</u>**

ആശ്രിത പെൻഷൻ ഉത്തരവ് കൈപ്പറ്റുന്നതിന് മുമ്പ് ശാന്ത വി മരണപ്പെട്ടതിനാൽ, ടിയാൾ ക്ക് അർ ഹതപ്പെട്ട തുകയായ 36,250/- രൂപ, അവകാശികൾക്ക് അനുവദിക്കാൻ

തീരുമാനിച്ചു.

**VI. അംശാദായ ഇനത്തിൽ അധികമായി അടച്ച തുക തിരിച്ചു നൽകുന്നതു സംബന്ധിച്ച്**

പത്രപ്രവർത്തകേതര പെൻഷൻ പരിഷ്കരണം സംബന്ധിച്ച ഫയലിൽ തീരുമാനമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിയ്ക്കാവവുന്നതാണെന്ന ഉപസമിതിയുടെ ശിപാർശ അംഗീകരിച്ചു.

**VII.**

| മാനേജിംഗ് കമ്മിറ്റി പരിഗണിച്ച വിഷയം | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|
| a) **വിവിധ കാരണങ്ങളാൽ അംഗത്വം നഷ്ടമായവർക്ക് അംഗത്വം പുന:സ്ഥാപിക്കൽ** | നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അംഗത്വം പുന:സ്ഥാപിക്കാൻ തീരുമാനിച്ചു. |
| 1 b) **അംഗത്വം അനുവദിക്കുന്നതിന് മുമ്പായി വിരമിച്ച 50-ഓളം പേർക്ക് അംഗത്വം അനുവദിക്കുന്നത്.** | സംഘടനയുടെ നിവേദനം പ്രൊപ്പോസൽ പരിശോധിച്ച് സബ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. |

**VIII. അംശദായത്തുക വർദ്ധിപ്പിക്കുന്നത്**

നിലവിൽ പെൻഷൻ പദ്ധതിയിലെ അംശദായ വിഹിതം പ്രതിമാസം 250/- രൂപയാണ്. 2018-ലാണ് അംശദായം 250/- രൂപയാക്കിയത്. 2022-ൽ പെൻഷൻ തുക 6500/- രൂപയായും 2024-ൽ 7000/- രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ പെൻഷൻ തുകയുടെ 10%/ സർക്കാർ നിശ്ചയിക്കുന്ന തുക എന്ന നിലയിൽ അംശാദായം വർദ്ധിപ്പിക്കാമോ?

**തീരുമാനം:-** പുതിയ പെൻഷൻ ഫണ്ട് രൂപീകരണം സംബന്ധിച്ച ഫയലിലെ തീരുമാനത്തിനു വിധേയമായി തുടർനടപടി സ്വീകരിക്കാമെന്ന ഉപസമിതിയുടെ ശിപാർശ അംഗീകരിച്ചു.

**IX . പെൻഷൻ അനുവദിക്കാൻ നിലവിൽ വ്യവസ്ഥകളില്ലാത്തതിനാൽ അംശദായ ഇനത്തിൽ ഒടുക്കിയിട്ടുള്ള തുക തിരികെ നൽകാൻ തീരുമാനിച്ച അപേക്ഷകൾ**

| | |
|---|---|
| 1. | ശ്രീ മഹേശ്വരൻ എൻ.എസ് - മാതൃഭൂമി - അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 2. | ശ്രീ ബാലകൃഷ്ണൻ കെ വി - മാതൃഭൂമി - ടെലിഫോൺ ഓപ്പറേറ്റർ |
| 3. | ശ്രീ. സുരേഷ് കുമാർ - ന്യൂ ഇന്ത്യൻ എക്സ്പ്രസ് - സീനിയർ ക്ലാർക്ക് |
| 4. | ശ്രീ. ബി.ജി. ബാബുചന്ദ്രൻ - ന്യൂ ഇന്ത്യൻ എക്സ്പ്രസ് - സീനിയർ ക്ലാർക്ക് |
| 5. | ശ്രീ. ആർ. രാമചന്ദ്രൻ - പി.റ്റി.ഐ — അറ്റൻഡർ |

മേൽ സൂചിപ്പിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് ഹരികിഷോർ ഐ എ എസ്**

**സെക്രട്ടറി**

കമ്മിറ്റി അംഗങ്ങൾക്ക്
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kavitha. G R
Date: 17-05-2025 15:09:19
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
സെക്രട്ടറിയുടെ സി.എ
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി
ഡെപ്യൂട്ടി ഡയറക്ടർ(പെൻഷൻ)
അക്കൗണ്ട്സ് ഓഫീസർ